**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

**ജൈവകൃഷി വ്യാപനം**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : സർ, 2016-ഓടുകൂടി കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 2011-12-ൽ 3500 ഹെക്ടർ പ്രദേശത്ത് ജൈവ കൃഷി വ്യാപിപ്പിച്ചു. തുടർന്ന് ചുവപ്പ്, മഞ്ഞ എന്നീ നിറങ്ങളിൽ ലേബൽ ചെയ്യപ്പെട്ട മാരകമായ കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു. കൂടാതെ, മാരകമെന്ന് കണ്ടെത്തിയ 13 തരം രാസകീടനാശിനികൾ കേരളമൊട്ടാകെ നിരോധിക്കുകയുണ്ടായി.

എൻഡോസൾഫാൻ ദുരിത ജില്ലയായ കാസർഗോഡിനെ 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും ജൈവകൃഷി വ്യാപനത്തിനായി ആദ്യഘട്ടമെന്ന നിലയിൽ 28 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തല പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി, വാഴകൃഷി എന്നിവ നടപ്പിലാക്കി.

2013-14-ൽ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും (41 പഞ്ചായത്തുകളിലും) റൂറൽ കമ്പോസ്റ്റുകളും വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുകയും 287

ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 5 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിച്ചു.

2014-15 വർഷം ജൈവകൃഷി ക്ലസ്റ്റർ സമീപനം വിപുലമാക്കി കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപിപ്പിച്ചു. ഓരോ കൃഷിഭവനിലും 100 മുതൽ 115 ഹെക്ടർ വരെ വിസ്തൃതിയുള്ള 100 പുതിയ ക്ലസ്റ്ററുകൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തി ജൈവകൃഷി പ്രോത്സാഹിപ്പിച്ചു. കഴിഞ്ഞ വർഷങ്ങളിലെ 150 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്ത് ശാക്തീകരിച്ചു. കൂടാതെ, റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവ വഴി ജൈവ വളങ്ങളുടെ നിർമ്മാണം, കുരുമുളക് കൃഷി, കന്നുകുട്ടി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, നേന്ത്രവാഴ കൃഷിക്ക് ജൈവ കീടനാശിനികളുടെ ഉപയോഗം, ജീവാമൃതം, ജൈവവേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ്, മത്സ്യം വളർത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി മാതൃകാ കൃഷി തോട്ടം സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി.

കേരളത്തെ 2016-ഓടെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജമണ്ഡലങ്ങളിലും ജനപ്രതിനിധികളേയും കർഷകരേയും ഉൾപ്പെടുത്തി ബോധവൽക്കരണ

ക്യാമ്പയിനുകൾ എം.എൽ.എ. മാരുടെ അദ്ധ്യക്ഷതയിൽ നടത്തിവരുന്നു. 140 നിയോജക മണ്ഡലങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് തയ്യാറാക്കിവരുന്നു.

മാലിന്യ സംസ്കരണത്തിനും ജൈവ വളമായ ബയോഗ്യാസ് സ്ലറി ഉൽപ്പാദനത്തിനും ഊന്നൽ നൽകുന്നതിനായി സംസ്ഥാനത്തെ 3825 സ്കൂളുകളിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നാം നിത്യവും ഉപയോഗിക്കുന്ന പച്ചക്കറികളിൽ അടങ്ങിയിരിക്കുന്ന കീടനാശിനിയിലെ വിഷാംശം എത്രയെന്ന് കണ്ടുപിടിക്കാൻ പച്ചക്കറി കടകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ജൈവകൃഷിക്കുള്ള ഉൽപ്പാദന ഉപാധികളായ ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, ബയോ കൺട്രോൾ ഏജന്റ്സ് എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ചുമതല കൃഷിവകുപ്പിന്റെ വിവിധ പരിശോധനാശാലകളെ ഏൽപ്പിക്കുന്നതാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള മണ്ണ് പരിശോധനാശാലകൾ, ജീവാണുവള പരിശോധനാശാലകൾ എന്നിവ ശക്തിപ്പെടുത്തുന്നതിലൂടെ ഇവയുടെ

ഗുണനിലവാരം ഉറപ്പാക്കാൻ കഴിയും. ജൈവ പച്ചക്കറികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പദ്ധതി പ്രദേശത്തെ കൃഷി ഓഫീസറെ ചുമതലപ്പെടുത്തുന്നതാണ്. ജൈവ കൃഷിയിൽ അനുവദിച്ചിട്ടുള്ള ജൈവ വളവും മറ്റ് സസ്യ സംരക്ഷണ മുറകളും മാത്രമാണ് പദ്ധതിയിലെ കൃഷിയിടങ്ങളിൽ അവലംബിക്കുന്നതെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തുന്നതാണ്.

2015-16-ൽ മേൽപ്പറഞ്ഞ ഘടകങ്ങൾക്ക് പുറമെ പി.ജി.എസ് പ്രകാരമുള്ള ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ്(NCOF), വി.എഫ്.പി.സി.കെ.-യെ പി.ജി.എസ്. പ്രകാരമുള്ള ജൈവ സർട്ടിഫിക്കറ്റിനുള്ള അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നത് പ്രോത്സാഹിപ്പിക്കാനായി സംസ്ഥാനത്ത് ഏറ്റവും മികച്ച ജൈവ മണ്ഡലത്തിന് 10 ലക്ഷം, 5 ലക്ഷം, 3 ലക്ഷം എന്നീ ക്രമത്തിൽ ഒന്നും രണ്ടും മൂന്നും അവാർഡ് നൽകുന്നതിനും ഏറ്റവും മികച്ച 3 ജൈവ കാർഷിക പഞ്ചായത്തുകൾക്ക് 3 ലക്ഷം, 2 ലക്ഷം, 1 ലക്ഷം എന്നീ ക്രമത്തിൽ അവാർഡുകൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

വിഷവിമുക്തമായ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് 2012-13 മുതൽ

കൃഷി വകുപ്പ്  സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവ കൃഷിക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ജൈവ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവ കൃഷിയെ ആസ്പദമാക്കിയുള്ള ലഘുലേഖകളും കൈപ്പുസ്തകങ്ങളും സംസ്ഥാനത്തെ സ്കൂളുകൾ, കൃഷിഭവനുകൾ എന്നിവ മുഖേന  നൽകിവരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ പ്രധാനഘടകങ്ങളായ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, നഗരങ്ങളിലെ മട്ടുപ്പാവ് കൃഷി, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റ് സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെയും വളപ്പുകളിലെ കൃഷി എന്നിവ പ്രധാനമായും ജൈവ രീതിയിൽ ഊന്നിയാണ് നടപ്പിലാക്കുന്നത്.

വാണിജ്യാടിസ്ഥാനത്തിലുള്ള ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ജൈവ രീതിയിൽ കൃഷി ചെയ്യാൻ  കർഷകർക്ക് പ്രേരണ നൽകുന്നതിനായി  ബ്ലോക്ക് തലത്തിലുള്ള ക്ലസ്റ്ററുകളെ സംയോജിപ്പിച്ച്  നടപ്പിലാക്കുന്ന ബ്ലോക്ക് തല ഫെഡറേറ്റഡ് ഓർഗനൈസേഷൻ എന്ന ഘടകത്തിൽ ബയോ ഫാർമസി തുടങ്ങുന്നതിന് സഹായം നൽകിവരുന്നു. ബയോകൺട്രോൾ ഏജന്റ്, ബയോഫെർട്ട്-ലൈസർ, ഫിറോമോൺ ട്രാപ്പ് തുടങ്ങി ജൈവ രീതിയിലുള്ള ഉൽപ്പാദന ഉപാധികൾ വാങ്ങി കർഷകർക്ക്

വിതരണം ചെയ്യുന്നു. കൂടാതെ എ ഗ്രേഡ് ക്ലസ്റ്ററുകളിലും ജൈവ കൃഷി വ്യാപനത്തിനായുള്ള ഉൽപ്പാദന ഉപാധികൾക്ക് സഹായം നൽകുന്നു. ജൈവ പച്ചക്കറി പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 'ജൈവ കാർഷിക ഗ്രാമസഭ' വിളിച്ച് ചേർക്കുന്നതാണ്. ഈ ഗ്രാമസഭയിൽ പ്രദേശത്തെ ജനപ്രതിനിധികൾ, കുടുംബശ്രീ മുതലായ സ്വയംസഹായ സംഘങ്ങൾ, എൻ.ജി.ഒ. മുതലായ സർക്കാരിതര സ്ഥാപനങ്ങൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവരുടെ പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതാണ്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും കൃഷി ഓഫീസർ കൺവീനറായും വാർഡ് മെമ്പർമാർ, കാർഷിക വികസന സമിതി അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട ഈ സമിതി പഞ്ചായത്തിലെ ഓരോ വീടുകളിലും പച്ചക്കറി കൃഷി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

പദ്ധതിയുടെ പ്രചരണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും ലീഡ്സ് പ്രവർത്തകർ, ലീഡ് ഫാർമേഴ്സ്, 'ആത്മ' പ്രവർത്തകർ എന്നിവരെ ഏൽപ്പിക്കുന്നതാണ്. പദ്ധതി ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്നതും പദ്ധതി പ്രവർത്തനങ്ങൾ ഏകീകരിക്കുക എന്നതും ഇവരുടെ പ്രധാന ചുമതലയായിരിക്കും.

കാര്യക്ഷമമായ പ്രവർത്തനത്തിന് സംസ്ഥാന തലത്തിൽ ഒരു ഓർഗാനിക് ഫാമിംഗ് സെൽ രൂപീകരിക്കും. ജില്ലാതലത്തിലും ജൈവ കൃഷിക്കുള്ള സംഘടനാ സംവിധാനം ശക്തിപ്പെടുത്തും. ഈ പ്രവർത്തനങ്ങൾക്ക് ഇതുവരെ ആത്മാർത്ഥമായ സഹകരണങ്ങൾ നൽകിയ മുഴുവൻ ജനപ്രതിനിധികളോടും തദ്ദേശവാസികളോടും മറ്റുള്ളവരോടും സർക്കാരിന്റെ നന്ദി അറിയിക്കുന്നു. തുടർ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.